മി. സ്പീക്കർ : അത് സബ്മിഷനായി ഉന്നയിക്കാം. അടിയന്തിര പ്രമേയത്തിന് ഒരു വിലയുണ്ട്. ആ വില ഇല്ലാതാക്കരുത്.....അത് അടിയന്തിരപ്രമേയത്തിന്റെ വിഷയമേയല്ല. അത് സബ്മിഷനായിട്ട് ഉന്നയിക്കാം. സബ്മിഷൻ എന്തിനാണ് വച്ചിരിക്കുന്നത്?

ശ്രീ. പാലോട് രവി : .....

മി. സ്പീക്കർ : ഒരു കാര്യവുമില്ലാത്ത കാര്യമാണ്. പിന്നെ സബ്മിഷൻ എന്തിനാണ് വച്ചിരിക്കുന്നത്. ഇതുപോലുള്ള കാര്യങ്ങൾ ഉന്നയിക്കുന്നതിനു വേണ്ടിയാണ്. അടിയന്തിര പ്രമേയത്തിന്റെ വില ഇല്ലാതാക്കരുത്.

ശ്രീ. പാലോട് രവി : അത് അങ്കമാലി.....

മി. സ്പീക്കർ : എത്ര ഒച്ചയുണ്ടാക്കിയിട്ടും കാര്യമില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ,.....

മി.സ്പീക്കർ : പറയാൻ അനുവദിക്കാമെന്ന് പറഞ്ഞല്ലോ.....

ശ്രദ്ധക്ഷണിക്കൽ. ശ്രീ. ഇസ്ഹാക് കുരിക്കൾ.....

# II. ശ്രദ്ധക്ഷണിക്കൽ

## (1) സംസ്ഥാനത്ത് പുതുതായി ഗവൺമെന്റ് സ്കൂളുകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ രംഗത്തെ വളരെ പ്രധാനപ്പെട്ട ചില പ്രശ്നങ്ങളിലേക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണെങ്കിലും എൽ.പി/യു. പി./ഹൈസ്കൂൾ തലങ്ങളിൽ, ഗ്രാമീണ വിദ്യാഭ്യാസ രംഗത്ത് നമ്മൾ വളരെ പുറകിലാണ്. ഗ്രാമീണ ജനസംഖ്യയുടെ 24.7 ശതമാനത്തിനുമാത്രമേ രണ്ടു കിലോമീറ്ററിനുള്ളിൽ ഹൈസ്കൂളുകളുള്ളൂ. അതുപോലെതന്നെ എൽ.പി. സ്കൂളുകളും യു.പി. സ്കൂളുകളും. അങ്ങനെ ആണെങ്കിൽ 97.82 ശതമാനം ഗ്രാമീണ ജനങ്ങൾക്ക് എട്ടു കിലോമീറ്ററിനുള്ളിൽ ഹൈസ്കൂൾ വിദ്യാഭ്യാസം ലഭിക്കുന്നില്ല. സർക്കാർ സ്ക്കൂളുകളനുവദിക്കണമെന്ന് നിരന്തരമായി നമ്മുടെ സംസ്ഥാനത്ത് മാറി മാറി വന്ന ഗവൺമെന്റുകളുടെ മുമ്പിൽ ആവശ്യങ്ങളുന്നയിച്ചിട്ടുണ്ട്. 1982-നു ശേഷം നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റ് ഒരു നയമായി സർവ്വേ നടത്തി സ്ക്കൂളുകളനുവദിച്ചിട്ടില്ല. എന്നാൽ ചില സ്ഥലങ്ങളിൽ ചില പ്രത്യേക സാഹചര്യങ്ങളിൽ എൽ.പി. സ്ക്കൂളുകളും യു.പി. സ്ക്കൂളുകളും അനുവദിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് 1500 കോടി രൂപ സ്വകാര്യ മേഖലയിലെ അധ്യാപകർക്ക് ശമ്പളം കൊടുക്കുമ്പോൾ സർക്കാർ മേഖലയിൽ 700 കോടി രൂപ മാത്രമേ അധ്യാപകർക്ക് ശമ്പള ഇനത്തിൽ നൽകുന്നുള്ളൂ. 7543 സ്ക്കൂളുകൾ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുമ്പോൾ സർക്കാർ മേഖലയിൽ 4461 സ്കൂളുകളാണ് പ്രവർത്തിക്കുന്നത്. സ്വകാര്യ മേഖല സർക്കാർ മേഖലയേക്കാൾ ഇരട്ടിയായ ഒരു സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്ത് ഇന്ന് നിലവിലുള്ളത്. ഏറ്റവുമധികം സ്വകാര്യമേഖലയിൽ സ്കൂളുകൾ പ്രവർത്തിക്കുന്ന ജില്ല എറണാകുളവും കോട്ടയവുമാണ്. എറണാകുളത്ത് ഗവൺമെന്റ് ഹൈസ്കൂൾ 89 എണ്ണം ഉള്ളപ്പോൾ സ്വകാര്യ മേഖല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യിൽ ഏകദേശം 200-ൽപ്പരം ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. കോട്ടയത്ത് 59 സർക്കാർ സ്കൂളുകളുള്ളപ്പോൾ 181 സ്കൂളുകൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു. തൃശൂർ ജില്ലയിൽ 79 ഗവൺമെന്റ് ഹൈസ്ക്കൂളുകളുള്ളപ്പോൾ സ്വകാര്യ മേഖലയിൽ 167 ഹൈസ്ക്കൂളുകൾ പ്രവർത്തിക്കുന്നു. കൊല്ലം ജില്ലയിൽ ഗവൺമെന്റ് മേഖലയിൽ 76 ഹൈസ്കൂളുകൾ പ്രവർത്തിക്കുമ്പോൾ സ്വകാര്യമേഖലയിൽ 137 ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നു. ഏറ്റെടുക്കുന്ന പ്രശ്നമല്ല പറയുന്നത് ശ്രീ. ബാലൻവൈദ്യരേ. ഉപ്പുമാങ്ങ എന്നു പറയുമ്പോൾ കുന്തം എന്നു പറയരുത്. ഗവൺമെന്റ് സ്കൂളുകൾ സാധാരണക്കാരനുവേണ്ടി അനുവദിക്കുന്ന സ്കൂളുകളാണ്. സ്വകാര്യമേഖല നമ്മുടെ വിദ്യാഭ്യാസരംഗത്ത് നൽകുന്ന അനർഹമായ, അമൂല്യമായ സംഭാവനകൾ ഞാനോർക്കുകയാണ്. സർക്കാർ മേഖലയിൽ എന്തുകൊണ്ട് സ്കൂളുകൾ അനുവദിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരുന്നില്ല. അങ്ങ് ഒരുപക്ഷേ പറഞ്ഞേക്കും സാമ്പത്തികമായ പ്രശ്നമാണെന്ന്. സാമ്പത്തികമായ പ്രശ്നം സ്വകാര്യമേഖലയ്ക്ക് ബാധകമല്ലേ? സ്വകാര്യമേഖലയിൽ 1500 കോടി രൂപ ശമ്പളം കൊടുക്കുമ്പോൾ സാമ്പത്തികം പ്രശ്നമല്ല. സർക്കാർ മേഖലയിൽ 700 കോടി രൂപ, അതിന്റെ നേർപകുതിയേ കൊടുക്കുന്നുള്ളു. സാമ്പത്തികത്തിന്റെ കാരണം പറഞ്ഞുകൊണ്ട് നീട്ടിക്കൊണ്ടുപോകരുതെന്ന് അഭ്യർത്ഥിക്കുകയാണ്. ആവശ്യമായ സർവ്വേ നടത്തി സർക്കാർസ്കൂളുകളില്ലാത്ത പ്രദേശങ്ങളിൽ സർക്കാർ സ്കൂളുകളനുവദിക്കണം. കൊഴിഞ്ഞു പോക്ക് ഇന്ന് ഒരു നിത്യസംഭവമായി മാറിയിട്ടുണ്ട്. എട്ടു കിലോമീറ്റർ, പത്തു കിലോമീറ്റർ നടന്നെങ്കിൽ മാത്രമേ പ്രത്യേകിച്ചും മലപ്പുറം ജില്ലയിൽ സ്കൂളുകളിലെത്താൻ സാധിക്കുന്നുള്ളൂ. പ്രൊട്ടക്ടഡ് ടീച്ചേഴ്സുണ്ട്. സർക്കാർ സ്കൂളുകൾ തുടങ്ങിയാൽ സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിടങ്ങളുണ്ടാക്കി കൊടുക്കും. ഇന്ന് 2200-ൽപ്പരം പ്രൊട്ടക്ടഡ് ടീച്ചേഴ്സ് ഇവിടെ വെറുതെ നിൽക്കുന്നു. അവർക്ക് ജോലി കൊടുക്കുവാൻ സാധിക്കും.

കഴിഞ്ഞ വർഷം ഞാൻ ഈ കാര്യം സബ്മിഷനായി ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഈ നിയമസഭയിൽ പറഞ്ഞത്, ഈ വർഷം പ്ലസ് ടുവും അതുപോലുള്ള കാര്യങ്ങളുമാണ് ചിന്തിക്കുന്നത് എന്നും സാമ്പത്തിക പ്രശ്നങ്ങൾ പരിശോധിച്ചതിനുശേഷം സർക്കാർ സ്കൂളുകൾ അനുവദിക്കും എന്നുമാണ്. സർക്കാർ മേഖലയിൽ കുറച്ച് എൽ.പി. സ്ക്കൂളുകളും യു.പി. സ്കൂളുകളും അനുവദിച്ചാൽ ആകാശം ഇടിഞ്ഞുവീഴുകയില്ല., ഭൂമി പിളരുകയുമില്ല. ഗ്രാമീണ ജനത വളരെ വിഷമത്തിലാണ്. പട്ടണത്തിൽ അൺഎക്കണോമിക് എന്ന പേരിൽ സ്കൂളുകൾ പൂട്ടുന്നു. പഠിക്കാൻ കുട്ടികളില്ല. അതേ സന്ദർഭത്തിൽ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ 3000 വിദ്യാർത്ഥികൾ പഠിക്കുന്ന ഹൈസ്കൂളുകൾ ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ കാണിച്ചുതരാം. എന്റെ നിയോജകമണ്ഡലത്തിലെ കുഴിമണ്ണ ഹൈസ്കൂളിൽ 3000 കുട്ടികൾ പഠിക്കുന്നു. ഷിഫ്റ്റ് സമ്പ്രദായമുള്ള സ്കൂളുകളും ഉണ്ട്. താൽക്കാലികമായി ഷിഫ്റ്റ് ഒഴിവാക്കുന്നുണ്ട്. എങ്കിലും 3000 കുട്ടികൾ പഠിക്കുന്ന ഒരു സ്കൂളിൽ എന്തായിരിക്കും സ്ഥിതി എന്ന് ബഹുമാനപ്പെട്ട മന്ത്രി ഒന്നാലോചിക്കണം. എട്ടു കിലോമീറ്റർ നടന്നുവേണം ഈ യു.പി. സ്കൂളിൽ കുട്ടികൾക്ക് പോകാൻ. കഴിഞ്ഞ 25 വർഷം എന്നുപറയുന്നത് നയപരമായി ഈ ഗവൺമെന്റ് എടുത്തിട്ടില്ല. 1982-ൽ ബഹുമാനപ്പെട്ട നായനാരുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ബേബി ജോൺ വിദ്യാഭ്യാസ വകുപ്പു മന്ത്രിയായിരുന്നപ്പോഴാണ് കുറച്ച് സർക്കാർ സ്കൂളുകൾ അനുവദിച്ചത്. അതി

നുശേഷം ഒരു ഗവൺമെന്റും അനുവദിച്ചില്ല. കഴിഞ്ഞ ഗവൺമെന്റ് രണ്ടു വർഷം സർവ്വേ നടത്തി. മുന്നൂറിൽപ്പരം സ്കൂളുകളുടെ ലിസ്റ്റ് ഡി.പി.ഐ. ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുകയും സർക്കാർ അത് അംഗീകരിക്കുകയും ചെയ്തു. പ്രൈമറി നോട്ടിഫിക്കേഷന്റെ സന്ദർഭത്തിലാണ് ആ ഗവൺമെന്റ് അധികാരത്തിൽനിന്നും പോയത്. ശ്രീമതി മെഴ്സിക്കുട്ടിയമ്മയ്ക്ക് ഗവൺമെന്റ് സ്കൂളുകൾ വേണ്ട, സ്വകാര്യ മേഖലയിലുള്ള സ്കൂൾ മതിയെങ്കിൽ എനിക്കു നിർബന്ധമില്ല. സ്വകാര്യ മേഖലയെ ചെറുതാക്കിക്കാണിച്ചുകൊണ്ടല്ല ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുന്നത്. സർക്കാർ മേഖലയിൽ സ്കൂളുകൾ അനുവദിക്കാത്തതിന്റെ പേരിൽ പാവപ്പെട്ട ജനതയ്ക്ക് ഹൈസ്കൂളിലും യു.പി. സ്കൂളിലും പഠിക്കാൻ സാധിക്കുന്നില്ല. സ്ഥലവും കെട്ടിടവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പി.ടി.എ.കളും ഉണ്ടാക്കിത്തരും. ദയവുചെയ്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഈ പ്രശ്നങ്ങൾ ഗൗരവമായി എടുത്ത് സർക്കാർ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഈ സംസ്ഥാനത്ത് വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നുള്ള കാര്യത്തിൽ ഒരു തർക്കവും ഉണ്ടാകില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഹൈസ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകൾ ഉണ്ടോ എന്ന് ഈ ഗവൺമെന്റ് വന്നതിനുശേഷം പരിശോധിച്ചു. അങ്ങനെ പരിശോധിച്ചതിനുശേഷം, ഒരു ഹൈസ്കൂളും ഇല്ലാത്ത 3 പഞ്ചായത്തുകളിൽ പുതുതായി സ്കൂളുകൾ അനുവദിച്ചു. അതുപോലെ ട്രൈബൽ മേഖലകൾക്ക് പ്രത്യേക പരിഗണന കൊടുത്ത് ഏതാനും സ്കൂളുകൾ അനുവദിക്കുകയുണ്ടായി. ഡി.പി.ഇ.പി. നടപ്പാക്കിയിട്ടുള്ള ജില്ലകളിൽ ആദ്യപടിയായി 37 ഗവൺമെന്റ് എൽ.പി.സ്കൂൾ അനുവദിച്ചു. ഇപ്പോൾ ഇടുക്കിയിൽ 15 സ്കൂളുകളും അതുപോലെ പാലക്കാട് ജില്ലയിൽ എട്ട് എൽ.പി.സ്കൂളുകളും തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ 37 സ്കൂളുകളും സാധാരണ നിലയിലുള്ള ഗവൺമെന്റ് സ്കൂളുകളാണ്. ഇനി 24 സ്കൂളുകൾ കൂടി തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഏറ്റവും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ സ്കൂളുകൾ കൊടുക്കുക എന്നുള്ള നിലപാട് തീർച്ചയായിട്ടും സ്വീകരിക്കേണ്ടതായിട്ടുണ്ട്. എന്നാൽ സാമ്പത്തിക പ്രശ്നത്തിന്റെ കാര്യം ശ്രീ. ഇസ്ഹാക് കുരിക്കൾ തന്നെ ഉന്നയിക്കുകയുണ്ടായി. പ്രീഡിഗ്രി ഡീലിംങ്കിന്റെ ഭാഗമായി പ്ലസ് ടു കോഴ്സുകൾ കൂടുതൽ ആരംഭിക്കാൻ തീരുമാനമെടുത്തു. കോളേജ് വിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്ത ഗ്രാമപ്രദേശങ്ങളിൽ പ്ലസ് ടു കോഴ്സുകൾ കൂടുതൽ അനുവദിച്ചു. ഞാൻ മുമ്പ് നിയമസഭയിൽ പറഞ്ഞത്, ഇപ്പോൾ മുൻഗണന കൊടുക്കുന്നത് ഒരു മാറ്റത്തിനാണ് എന്നാണ്. അതിനുശേഷം അത്യാവശ്യമുള്ള എല്ലാ സ്ഥലങ്ങളിലും സ്കൂളുകൾ കൊടുക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ് എന്ന് പറയുകയുണ്ടായി. പ്ലസ് ടുവിന്റെ നടപടികൾ പൂർത്തിയായിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർമാരുടെ നിർദ്ദേശങ്ങളും പൊതുവായ ആവശ്യങ്ങളും കണക്കിലെടുത്ത് ട്രൈബൽ ഏരിയയിൽ ഒരു ട്രൈബൽ സ്കൂൾ കൊടുക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ, കുട്ടികൾക്ക് സ്കൂളിൽ പോകാൻ തീരെ ബുദ്ധിമുട്ടുള്ള പ്രദേശങ്ങൾ ചൂണ്ടിക്കാണിച്ചാൽ, അത് പരിശോധിക്കുന്നതാണ്. സ്കൂളിന്റെ ഒരു വലിയ ലിസ്റ്റ് തയ്യാറാക്കി അംഗീകരിക്കാൻ ഇപ്പോഴുള്ള സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല. പിന്നെ അൺ എക്കണോമിക് സ്കൂളുകളുടെ കാര്യം ഇവിടെ പറയുകയുണ്ടായി. അൺ ഇക്കണോമിക്



LIBRARY ARCHIVES Kerala Legislative Assembly

ആയിട്ടുള്ള സ്കൂളുകൾ മുഴുവൻ പൂട്ടണമെന്നായിരുന്നു കഴിഞ്ഞ ഗവൺമെന്റിന്റെ തീരുമാനം. അങ്ങനെയുള്ള സ്കൂളുകൾ പൂട്ടുക എന്നുപറഞ്ഞാൽ മുഴുവൻ ഗവൺമെന്റ് സ്കൂളുകളാണ് പൂട്ടേണ്ടത്. അത് പൂട്ടേണ്ട എന്ന തീരുമാനം എടുത്തത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. കുട്ടികൾ കുറവാണ് എന്ന കാരണത്താലാണ് പൂട്ടാൻ തീരുമാനിച്ചത്. 100 കുട്ടികളിൽ താഴെയുള്ള എല്ലാ സ്കൂളുകളും പൂട്ടുക എന്നുവച്ചാൽ.....ട്രൈബൽ ഏരിയകളിലേയും പിന്നോക്ക പ്രദേശങ്ങളിലേയും ചില തീരപ്രദേശങ്ങളിലേയുമൊക്കെ സ്കൂളുകളിൽ കുട്ടികൾ കുറവായിരിക്കാം. അവയെല്ലാം പൂട്ടിയാൽ സമീപത്തുള്ള സ്കൂളുകളിൽ ഈ കുട്ടികൾ പോകണമെന്ന് ഒരു നിർബന്ധവുമില്ല. അതുകൊണ്ട് അങ്ങനെ ഒരു നടപടിയെടുക്കാൻ പാടില്ല. ട്രൈബൽ ഏരിയകളിൽ 25-ഉം 20-ഉം കുട്ടികളുള്ള പല സ്കൂളുകളും ഉണ്ട്. അടുത്ത സ്കൂൾ എന്നുപറയുന്നത് 10-ഉം 15-ഉം കിലോമീറ്റർ അകലെയാണ്. കുട്ടികൾ പോകുന്ന സ്കൂൾ പൂട്ടിയാൽ ആ കുട്ടികൾ പിന്നെ സ്കൂളിലേ പോകില്ല. അതുകൊണ്ട് തന്നെ അത്തരം സ്കൂളുകൾ പൂട്ടേണ്ടതില്ല എന്ന തീരുമാനം ഈ ഗവൺമെന്റ് കൈക്കൊള്ളുകയുണ്ടായി. എന്നാൽ സിറ്റിയിൽ ഈ വർഷം ഒരു കുട്ടിമാത്രമുള്ള സ്കൂൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ചു. ഒരു കുട്ടിയും 4 അദ്ധ്യാപകരും. അങ്ങനെ ഒരു സ്ഥാപനം നടത്തിക്കൊണ്ടുപോയിട്ടു കാര്യമില്ല. 10 കുട്ടികളിൽ താഴെയുള്ള സ്കൂളുകൾ അടുത്ത സ്കൂളിനോട് അറ്റാച്ച് ചെയ്യാനുള്ള ഒരു തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ട്. ആ തീരുമാനം നടപ്പാക്കിയിട്ടുണ്ട്. അതിനു മുകളിലുള്ള എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടേണ്ടതില്ല എന്ന് തീരുമാനിക്കുകയുണ്ടായി. അകലം കണക്കാക്കി, വിദ്യാഭ്യാസ സൗകര്യങ്ങൾ തീരെയില്ലാത്ത പ്രദേശങ്ങളെപ്പറ്റി വീണ്ടും ഒരു പഠനം നടത്തുന്നുണ്ട്. ആ പഠനത്തിന്റെ അടിസ്ഥാനത്തിൽ വളരെ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം ഉണ്ടാക്കണമെന്നുള്ള കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്. ട്രൈബൽ ഏരിയാസിന് പ്രത്യേക മുൻഗണന കൊടുത്ത് ഇപ്പോഴും സ്കൂളുകൾ അനുവദിക്കുന്നുണ്ട് എന്നുള്ള കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സ്കൂളുകളുടെ എണ്ണമൊക്കെ എല്ലാവർക്കും അറിയാവുന്നതാണ്. ഗവൺമെന്റ് സ്കൂളുകൾ 4500, പ്രൈവറ്റ് സ്കൂളുകൾ 7332. അത് ഈ സംസ്ഥാനത്തെ ഒരു യാഥാർത്ഥ്യമായി നിലനിൽക്കുകയാണ്. സ്കൂളുകൾ ഇല്ലാത്ത സ്ഥലങ്ങൾ നോക്കി, വളരെ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ 'വളരെ' എന്ന് ഞാൻ അടിവരയിട്ട് പറയുകയാണ്. ഒരു സ്കൂൾ തുടങ്ങുമ്പോൾ അടുത്ത സ്കൂളിൽ ഡിവിഷൻ ഫാൾ ഉണ്ടാകുന്ന ഒരു സ്ഥിതിവിശേഷം ഇവിടെ ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് വളരെ അത്യാവശ്യമുള്ള സ്ഥലങ്ങളെ പ്രത്യേകമായി പരിഗണിക്കത്തവണ്ണം ഒരു പഠനവും കൂടി നടത്തുന്നതാണ്.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : ഈ രംഗത്ത് കൊഴിഞ്ഞുപോകുന്ന അവസ്ഥയുണ്ട്. എട്ടും പത്തും കിലോമീറ്റർ നടന്നുപോകണം. ഒരു എൽ.പി. സ്കൂൾ യു.പി. സ്കൂൾ ആക്കിയിട്ട് 25 വർഷമായി. ഇത് ഞാൻ വെറുതെ പറയുകയല്ല. പ്ലസ് ടുവും കോളേജുമൊക്കെ വേണ്ട എന്നു ഞാൻ പറയുന്നില്ല. പ്രാഥമിക വിദ്യാഭ്യാസ രംഗത്തെ ഈ പ്രശ്നം അങ്ങ് ഗൗരവമായി എടുക്കണം. ഒരു സർവ്വേ നടത്തും എന്ന് അങ്ങു പറഞ്ഞു. അത് എന്ന് തുടങ്ങും; എന്നത്തേക്ക് പൂർത്തിയാക്കും; അതിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷമെങ്കിലും സ്കൂളുകൾ അനുവദിക്കാൻ ആവശ്യമായ തരത്തിൽ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഇതു സംബന്ധിച്ച പഠനം ഈ വർഷംതന്നെ നടത്തുന്നതാണ്. വളരെ അത്യാവശ്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി വിദ്യാ

LIBRARY ARCHIVES Kerala Legislative Assembly

ഭ്യാസ സൗകര്യങ്ങൾ വളരെ കുറവുള്ള പ്രദേശങ്ങൾ പ്രത്യേകമായി പരിഗണിക്കുന്നതാണ്.

## (2) സംസ്ഥാനത്തെ കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

<u>ശ്രീ. എൻ. അനിരുദ്ധൻ</u> : കൈത്തറി നെയ്ത്ത് വ്യവസായം നേരിടുന്ന ഗുരുതരമായ പ്രതിസന്ധിക്ക് ഫലപ്രദമായ പരിഹാരം അടിയന്തിരമായി ഉണ്ടാകുന്നതിന് ഗവൺമെന്റിന്റെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. കൃഷി കഴിഞ്ഞാൽ ഇൻഡ്യയിൽ ഏറ്റവുമധികം ജനങ്ങൾ ഉപജീവനത്തിന് ആശ്രയിക്കുന്ന പരമ്പരാഗത തൊഴിലാണ് കൈത്തറി നെയ്ത്ത്. ഇൻഡ്യൻ കൈത്തറി നമ്മുടെ മഹത്തായ സംസ്കാരത്തിന്റെ മുതൽകൂട്ടാണ്. ഒരു സ്വയംതൊഴിൽ മേഖലകൂടിയാണിത്. വസ്ത്ര നിർമ്മാണ രംഗത്ത് ടെക്സ്റ്റൈൽ മില്ലുകൾ വരുന്നതിനുമുമ്പ് കൈത്തറി മാത്രമാണ് ഭാരതത്തിൽ ഉണ്ടായിരുന്നത്. ഇൻഡ്യയിലെ 30 ലക്ഷത്തോളം കുടുംബങ്ങൾ ഈ തൊഴിലിനെ ആശ്രയിച്ച് ജീവിക്കുന്നു. ഭാരതത്തിന്റെ മൊത്തം വസ്ത്ര ഉൽപ്പാദനത്തിന്റെ 20 ശതമാനം കൈത്തറി വസ്ത്രങ്ങളാണ്. പ്രതിവർഷം 1,500 കോടി രൂപയിലധികം വിദേശനാണ്യം നേടിത്തരുന്ന ഒരു പരമ്പരാഗത വ്യവസായമാണ് ഈ മേഖല. കേരളത്തിലെ പ്രധാന പരമ്പരാഗത വ്യവസായങ്ങളിലൊന്നാണ് കൈത്തറി. കേരളത്തിൽ രണ്ടര ലക്ഷത്തിലേറെ ജനങ്ങൾ ഈ തൊഴിലിനെ ആശ്രയിച്ച് ഉപജീവനം നടത്തിവരുന്നുണ്ട്. 1956 വരെ ഈ വ്യവസായത്തിന് സർക്കാർ പ്രാധാന്യം നൽകിയിരുന്നില്ല. 1956-ൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ കൈത്തറി രംഗത്ത് സഹകരണ ബാങ്കുകൾ വഴി പ്രവർത്തന മൂലധനം നൽകാൻ തയ്യാറായി. 1973-ൽ അന്നത്തെ പ്ലാനിംഗ് കമ്മീഷൻ അംഗം ശ്രീ. ജി. ശിവരാജൻ ചെയർമാനായി ഒരു പഠനസംഘത്തെ നിയോഗിച്ചു. ആ പഠനസംഘത്തിന്റെ ശുപാർശപ്രകാരം 1983 മുതൽ കൈത്തറി സെസ്സ് ഫണ്ട് സ്കീം നടപ്പാക്കി. അത് കൈത്തറി രംഗത്ത് മുന്നോട്ടുള്ള പോക്കിന് അനുഗുണമായി. ഒന്നും രണ്ടും പഞ്ചവൽസരപദ്ധതികൾ ഈ രംഗത്ത് ഇടനിലക്കാരെ ഒഴിവാക്കാൻ സഹകരണസംഘങ്ങൾ രൂപീകരിച്ചു. കേരളത്തിൽ 565 സഹകരണസംഘങ്ങളാണ് രൂപകരിച്ച് പ്രവർത്തനമാരംഭിച്ചത്. നിർഭാഗ്യകരമെന്ന് പറയട്ടെ, അതിൽ 185 സംഘങ്ങൾക്കുമാത്രമേ ലാഭകരമായി പ്രവർത്തിക്കാൻ കഴിഞ്ഞുള്ളൂ. കേരളത്തിലെ ഒരു ലക്ഷത്തോളം വരുന്ന കൈത്തറികളിൽ 65,000 തറികളും സഹകരണമേഖലയിൽ ഉള്ളതാണ്. ബാക്കിയുള്ളത് സ്വകാര്യ മേഖലയിലും. അതിൽ 72 ശതമാനം തിരുവനന്തപുരം, കണ്ണൂർ, കൊല്ലം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലാണ് പ്രവർത്തിക്കുന്നത്. 1985-ലെ ടെക്സ്റ്റൈൽ പോളിസി, കൈത്തറി ഉൽപ്പന്നങ്ങളുടെ ഗുണമേൻമയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ളതായിരുന്നു. ഏഴും എട്ടും പഞ്ചവൽസരപദ്ധതികളുടെ ഫലമായി കൈത്തറി രംഗത്ത് ഉൽപ്പാദനം 14 ഇരട്ടിയായി വർദ്ധിച്ചു. ഉൽപാദനം 50 മില്യനിൽനിന്നും 700 മില്യനായി വർദ്ധിച്ചു. കോടിക്കണക്കിന് രൂപ ഈ രംഗത്ത് സർക്കാർ പ്രോൽസാഹനമായി നൽകി. എന്നാൽ അത് ഉദ്ദേശിക്കുന്ന ഫലം ഉളവാക്കിയിട്ടില്ല. പുത്തൻ സാമ്പത്തിക നയത്തിന്റെ തിക്തഫലങ്ങൾ കൈത്തറി തൊഴിലാളികളും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. സ്പിന്നിംഗ് മില്ലുകളിൽ ഉൽപ്പാദനത്തിന്റെ 50 ശതമാനം കൈത്തറിമേഖലയ്ക്കു വേണ്ടി ഹാൻഡ് യാൺ, കഴിനൂൽ ഉൽപ്പാദിപ്പിക്കണമെന്നുള്ള വ്യവസ്ഥ പാലിക്കുന്നില്ല. കൈത്തറിമേഖലയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly